ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) എത്രമാസമായി എന്നു സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല.

(ഡി), & (ഇ) നടപടി നടത്തുന്നകാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ആശുപത്രികളിൽ എക്സ് സർവ്വീസ് വാർഡുകൾ

*൨൯൯൯ [൨൨] ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) എക്സ് സർവ്വീസുകാരുടെ ആവശ്യത്തെ മുൻനിർത്തി തിരുവിതാംകൂറിൽ രണ്ടോ, മൂന്നോ ആശുപത്രികളോടുചേർത്തു വാർഡുകൾ പണിയുന്നതിനു ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടോ ;

(ബി) അവയിൽ ഒന്നു ചെങ്ങന്നൂരിലുള്ള ആശുപത്രിയോടു ചേർത്തു പണിയുവാൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ആ തീരുമാനമനുസരിച്ചു വാർഡു പണിയുന്നതിനു എസ്റ്റിമേറു തയ്യാറാക്കുകയും ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ഡി) ടെണ്ടർ സ്വീകരിച്ചതിനുശേഷം കൺട്രാക്ടർ കെട്ടിടം പണിയുന്നതിനായി സാധനങ്ങൾ ശേഖരിച്ചതായി ഗവണ്മെൻറിനറിയാമോ ;

(ഇ) ടെണ്ടർ സ്വീകരിച്ചശേഷം ചെങ്ങന്നൂരിൽ പണിയുവാൻ നിശ്ചയിച്ചിരുന്ന വാർഡു വക്കല പണിയുവാൻ ഗവണ്മെൻറ് ആലോചിക്കുകയൊ നിശ്ചയിക്കുകയൊ ചെയ്തിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിനുള്ള കാരണമെന്താണെന്നു പറയുവാൻ ഗവണ്മെൻറിനു മനസുണ്ടാകുമോ ;

(ജി) ചെങ്ങന്നൂർ ആശുപത്രിയിൽ സ്ഥലക്കുറവു നിമിത്തം ഇൻപേഷ്യൻറായി ചികിത്സിക്കേണ്ടതായ വളരെയധികം രോഗികൾ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിനറിയാമോ;

ബഹു. ശ്രീ. എ. ജെ. ജാൺ: (എ) എക്സ് സർവ്വീസുകാരുടെ ആവശ്യത്തെ മുൻനിറുത്തി എതാനും വാർഡുകൾ ആശുപത്രികളോടു ചേർത്തു പണിയുന്നതിനു ഗവണ്മെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

(ബി) ചെങ്ങന്നൂർ ആശുപത്രിയോടുചേർത്തു ഒരു വാർഡു പണിയുവാൻ ഗവണ്മെൻറ് ആലോചിച്ചിരുന്നു. പിന്നീടു അതു വേണ്ടെന്നുവെച്ചു.

(സി) എസ്റ്റിമേറു തയ്യാറാക്കുകയും ടെൻറർ വിളിക്കുകയും ചെയ്തു. എന്നാൽ ടെൻറർ സ്വീകരിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ), (എഫ്) ടെൻറർ സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ടു ഈ ചോദ്യങ്ങൾക്കു ഉത്തരം ആവശ്യമില്ല.

(ജി) അറിയാം.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ഇതിലേക്കു പരിഹാരം എന്തെങ്കിലും ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. എ. ജെ. ജാൺ: തല്ക്കാലം ഉദ്ദേശിക്കുന്നില്ല.

കുട്ടനാടൻ പ്രദേശങ്ങളിലെ ശുദ്ധജല വിതരണം

*൨൯൦൦. [൨൫] ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ ഒഴിച്ചുള്ള തീരപ്രദേശങ്ങളിലും കുട്ടനാടൻ പ്രദേശങ്ങളിലും കുടിക്കാൻ ആവശ്യമായ ശുദ്ധജലവിതരണം ചെയ്യുന്നതിനെസംബന്ധിച്ചു ഗവണ്മെൻറിലേക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ചു് എന്തുചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly